1587

L7



വിവരാവകാശ നിയമപ്രകാരം സമർപിക്കുന്ന അപ്പീൽ

പ്രേഷകൻ

ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കെ ഡിസ്ക്
ഇന്ത്യാഹൈറ്റ്സ് ബിൽഡിങ്
വഴുതക്കാട്

വിവരാവകാശ നിയമപ്രകാരം സമർപിച്ച അപേക്ഷയിൽ വിവരങ്ങൾ ലഭിക്കാത്തിനെ തുടർന്ന് സമർപിക്കുന്ന അപ്പീൽ

സൂചന: താങ്കളുടെ ഓഫീസിൽ നിന്നും 626-2022- കെ ഡിസ്ക് എന്ന നമ്പരിൽ 12-12-2022 ന് ലഭിച്ച കത്ത്

വിവരാവകാശ നിയമപ്രകാരം താങ്കളുടെ ഓഫീസിൽ നിന്നും നൽകിയ മറുപടികൾ അപൂർണ്ണവും അവ്യക്തവുമാണ്. ഇതിൽ ഒന്നാമത്തെ ചോദ്യം കെ ഡിസ്ക് എതൊക്കെ സോഫ്റ്റ്വേറുകൾക്ക് തുക നൽകി എന്നുള്ളതാണ്. ഇതിൽ BITRIX എന്ന സോഫ്റ്റ്വേറിന് വേണ്ടി നടത്തിയ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ല
4-ാം ചോദ്യത്തിൽ കെട്ടിട നവീകരണവുമായി ബന്ധപ്പെട്ടുള്ള ചെലവും അപൂർണ്ണമാണ്. ഈ അപ്പീൽ പരിഗണിച്ച് ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ
ബി.അജിത് രാജ്

24-12-2022
തിരുവനന്തപുരം

26/12

K-DISC
Kerala Development and Innovation Strategic Council

Azadi Ka Amrit Mahotsav

# കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

4th ഫ്ലോർ, ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്,
ഗവൺമെന്റ് വിമൻസ് കോളേജ് റോഡ്,
വഴുതക്കാട്, തൈക്കാട് പി. ഓ.
തിരുവനന്തപുരം 695014.
ഫോൺ : 0471 - 2334472 , 2332920

നമ്പർ.626/2022/KDISC തീയതി: 12.01.2023

പ്രേഷകൻ

മെമ്പർ സെക്രട്ടറി

സ്വീകർത്താവ്

ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി, തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ബി. അജിത് രാജ് 24.12.2022 ന സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേലുള്ള - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 24.12.2022-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയിന്മേലുള്ള – മറുപടി

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. 24.12.2022 ലെ അപ്പീൽ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചോദ്യകർത്താവ് വാങ്ങിയ സോഫ്റ്റ്‌വെയറുകളുടെ വിവരമാണ് ചോദിച്ചത്. പ്രോഗ്രാമർമാരെ ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ ഈ ചോദ്യത്തിന്റെ പരിഗണനയിൽ വരില്ല എന്നതു കൊണ്ടാണ് ഈ വിശദാംശങ്ങൾ നല്കാതിരുന്നത്.

Bitrix എന്നത് ഒരു ഓപ്പൺസോഴ്സ് പ്ലാറ്റഫോം ആണ്. ഈ പ്ലാറ്റഫോം ഉപയോഗിച്ച് കെഡിസ്കിന്റെ മുന്നണി പ്രൊജക്റ്റിലൊന്നായ മഞ്ചാടിയുടെ പഠന പരിശീലന സാമഗ്രികൾ തുടർച്ചയായി രേഖപ്പെടുത്താനും ഇവ ഉപയോഗിച്ച് ക്ലാസ്സ്മുറിയിൽ കുട്ടികൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന പ്രവർത്തനങ്ങളുടെ വിശകലനവും അവയുടെ പുരോഗതിയും തുടർച്ചയായി അവലോകനം ചെയ്യാനും അവ ദൃശ്യവത്കരിക്കാനുമുള്ള ചുമതല കെഡിസ്കിന്റെ പാർട്ണർ സ്ഥാപനമായ ഐസിടി അക്കാഡമിയെ ഏല്പിക്കുകയുണ്ടായി.

ഇതിന് Bitrix എന്ന ഓപ്പൺസോഴ്സ് പ്ലാറ്റഫോം ഉപയോഗിച്ച് ഒരു രൂപകൽപന തയാറാക്കുകയും, കെഡിസ്കിലെ അനിമേറ്റർമാർ, വോളന്റീർമാർ, കോൺസൽറ്റന്റ്, നാഷണൽ റിസോഴ്സ് ഗ്രൂപ്പ് എന്നിവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സോഫ്റ്റ്വെയറിൻ്റെ Pilot വികസനമാണ് ഇപ്പോൾ നടന്നിട്ടുള്ളത്. വികസനം പൂർത്തിയാക്കിയ സോഫ്റ്റ്വെയർ ഇതുവരെ കൈമാറിയിട്ടുമില്ല. ഇതിനായി ഒരു സോഫ്റ്റ്വെയറും കെഡിസ്ക് വാങ്ങിയിട്ടില്ല. ഇക്കാരണത്താലാണ് വാങ്ങിയ സോഫ്റ്റ്വെയറുകളുടെ പട്ടികയിൽ Bitrixൻ്റെ പേര് ചേർക്കാതിരുന്നത്.

4. കെ-ഡിസ്ക് ആസ്ഥാനമന്ദിരത്തിൽ അറ്റകുറ്റപ്പണി നവീകരണം എന്നിവ നടത്തുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനായാണ് ചുമതല പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനം സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച മുഴുവൻ ബില്ലുകളും പരിശോധിച്ച പണം അനുവദിച്ചിട്ടുണ്ട്. ഈ ബില്ലുകളെ അടിസ്ഥാനമാക്കിയുള്ള കണക്കാണ് ഉത്തരമായി നൽകിയിട്ടുള്ളത്. ആയതിനാൽ ഉത്തരത്തിൽ അപൂർണത ഉള്ളതായി കാണുന്നില്ല.

ഇതുവരെ ചെലവിട്ട തുക – Rs.1,59,14,523/-

- **മൊബിലൈസേഷൻ അഡ്വാൻസ്** – Rs.45,06,450/-
- അറ്റകുറ്റപ്പണി - Rs.13,40,389/-
- നവീകരണം - Rs.1,00,67,684/-

| ഇനം | ചെലവിട്ട തുക |
|---|---|
| ഇന്റീരിയർ | Rs.30,37,722/- |
| ഫർണിച്ചർ | Rs.21,20,738/- |
| വാട്ടർ ഫൗണ്ടൻ | **നിലവിലില്ല, ഊർജ്ജ സംരക്ഷണത്തിന്റ ഭാഗമായി ഒരു വാട്ടർ കർട്ടൻ നിലവിലുണ്ട്.**<br>13,20,000/- രൂപ അടങ്കൽ തുകയുള്ള ഇതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ബില്ലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. അതിനാൽ തുക ഒന്നും കൈമാറിയിട്ടില്ല. |

വിശ്വസ്തതയോടെ,

Unnikrishnan PV

ഡോ.പി.വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി